# വിദ്യാലയ വികസന പദ്ധതി രേഖ - 2025

എ. എൻ. എം. യു. പി. സ്കൂൾ

മണിത്തറ

# ആമുഖം

സ്കൂൾ പ്രായത്തിലുള്ള എല്ലാ കുട്ടികൾക്കും സ്കൂൾ പ്രവേശനം നൽകി വിദ്യാഭ്യാസത്തിന് വളരെ പ്രാധാന്യം നൽകി വരുന്ന ഒരു സംസ്ഥാനമാണ് കേരളം. എങ്കിലും ഈ അടുത്തകാലത്തായി പൊതുവിദ്യാലയങ്ങളോടുള്ള ആഭിമുഖ്യം കുറഞ്ഞു വരുന്നതായിട്ടാണ് കാണാൻ കഴിയുന്നത്. അതിനുള്ള പ്രധാന കാരണങ്ങളിലൊന്ന് പൊതുവിദ്യാലയങ്ങളിലെ സാങ്കേതിക വിദ്യയുടെ അപര്യാപ്തതയാണ്. "വിദ്യാഭ്യാസം മനുഷ്യനെ പൂർണ്ണനാക്കുന്നു" എന്ന വാക്യം പൂർണ്ണമാകണമെങ്കിൽ സഹവർത്തിത്വത്തോടുകൂടി പ്രകൃതിയോടിണങ്ങി ജീവിക്കുന്ന മനുഷ്യരെ സൃഷ്ടിക്കണം. സാമ്പത്തിക ശേഷിയുള്ളവർ സി.ബി.എസ്.ഇ. സ്കൂളുകളിലേക്ക് പോകുമ്പോൾ സാധാരണക്കാർ പൊതുവിദ്യാലയങ്ങളെ ആശ്രയിക്കുന്നു. ഇത് സമൂഹത്തിൽ രണ്ടുതരം പൗരന്മാരെ സൃഷ്ടിക്കുന്നു. നമ്മുടെ കൊച്ചു കേരളത്തിൽ ഇത് വലിയ വിപത്തുകൾ സൃഷ്ടിക്കും. സാധാരണക്കാരുടെ മക്കൾക്കും ഉയർന്ന വിദ്യാഭ്യാസം ലഭിക്കണം. അന്താരാഷ്ട്ര നിലവാരത്തിലേക്കുയരണം എന്ന ലക്ഷ്യം നിറവേറണമെങ്കിൽ പൊതു വിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങളായി മാറണം. രോഗം അറിഞ്ഞ് ചികിത്സിച്ചാൽ മാത്രമേ അതിന്റെ ഫലം ലഭിക്കൂ എന്നതുപോലെ ഓരോ വിദ്യാലയത്തിന്റെയും പോരായ്മകൾ എന്ത് എന്ന് കണ്ടെത്തി അത് പരിഹരിച്ചാൽ മാത്രമേ ഈ ലക്ഷ്യം കൈവരിക്കാൻ സാധിക്കൂ. അതിനാൽ ഓരോ വിദ്യാലയത്തിന്റെയും ആവശ്യങ്ങൾ എന്ത് എന്ന് അറിയാനും അതിനനുസരിച്ചുള്ള കർമ്മ പദ്ധതി തയ്യാറാക്കാനുമുള്ള ഈ സംരംഭം വൻ വിജയമായിരിക്കും.... ആയിരിക്കട്ടെ! എന്നു പ്രത്യാശിക്കുന്നു.

# ലക്ഷ്യം

വി.വി.എൽ.പി.എസ്. എടക്കുളം, എസ്.ഡി.എസ്.എൽ.പി.എസ്. വെള്ളപ്പായ, എസ്.എം.എൽ.പി.എസ്. ചൂലിശ്ശേരി എന്നീ വിദ്യാലയങ്ങളിലെ വിദ്യാർത്ഥികൾക്ക് 5-ാം ക്ലാസ് മുതലുള്ള പഠനത്തിന് സൗകര്യപ്രദമായ എ.എൻ.എം.യു.പി. സ്കൂളിനെ അതിന്റെ പഴയ പ്രതാപത്തിലെത്തിക്കുവാനും മണിത്തറ എന്ന ചെറിയ ഗ്രാമത്തിലെ വിദ്യാർത്ഥികൾക്ക് അന്താരാഷ്ട്ര നിലവാരത്തിലുള്ളതും ഗുണമേന്മയോടുകൂടിയതുമായ വിദ്യാഭ്യാസം ലഭിക്കുന്നതിനും ഈ വിദ്യാലയം സാങ്കേതികവിദ്യ, ക്ലാസ് മുറികളുടെ നിലവാരം തുടങ്ങിയ മേഖലകളിൽ മുന്നേറേണ്ടിയിരിക്കുന്നു. പ്രകൃതിയോടിണങ്ങിയ പ്രകൃതിയെ സ്നേഹിക്കുന്ന ഒരു ജനതയെ വളർത്തിയെടുക്കുക എന്ന ലക്ഷ്യം നിറവേറ്റാൻ ഞങ്ങൾ വിദ്യാലയത്തിൽ കൃഷി പ്രോത്സാഹിപ്പിക്കുന്നുണ്ടെങ്കിലും സാങ്കേതികവിദ്യയിലും സ്കൂൾ കെട്ടിടങ്ങളുടെ കാര്യത്തിലും മറ്റ് വിദ്യാലയങ്ങളോട് കിടപിടിക്കാൻ ഞങ്ങൾക്ക് സാധിക്കുന്നില്ല.

1952 ൽ ഈ വിദ്യാലയം സ്ഥാപിച്ചത് എന്ത് ഉദ്ദേശ്യത്തോടുകൂടിയായിരുന്നുവോ ആ ഉദ്ദേശ്യം സാക്ഷാത്കരിക്കുക, എല്ലാ മേഖലകളിലും ഉന്നതനിലവാരം പുലർത്തുന്ന ഒരു ജനതയെ സൃഷ്ടിക്കുക, എന്നതാണ് ഞങ്ങളുടെ ലക്ഷ്യം. ഞങ്ങളുടെ ഈ അഭിലാഷം സാധ്യമായാൽ ഒരു കെ.ആർ. നാരായണനോ, ഒരു എ.പി.ജെ. അബ്ദുൾ കലാമോ ഞങ്ങളുടെ നാട്ടിൽ നിന്നും ഉണ്ടാകാം.

## എ.എൻ.എം.യു.പി. സ്കൂൾ

## ഒരവലോകനം

മാനം മുട്ടെ ഉയർന്നുനിൽക്കുന്ന ഒരാൽമരം

വളർച്ചയുടെ പടവുകൾ ജടകെട്ടി

വൻശിഖരങ്ങൾ ചുറ്റിലും പടർത്തി

ജീവജാലങ്ങൾക്ക് തണലും കുളിർക്കാറ്റുമേകി

അനാദിയായ കാലത്തിന്

അനന്തസാക്ഷിയായി ഒരാൽമരം

വിശാലമായ കളിസ്ഥലം

അതിനരികിൽ, നെടുകെ കടന്നുപോകുന്ന

റോഡിന് മറുവശത്തായ്

ഈ നാടിന്റെ സാമൂഹികസാംസ്ക്കാരിക രംഗത്തെ

രൂപപ്പെടുത്തിയെടുക്കുന്നതിൽ

പ്രമുഖ പങ്കുവഹിച്ച സരസ്വതിക്ഷേത്രം

എ.എൻ.എം.യു.പി.സ്കൂൾ

"ഒരു വിദ്യാലയം തുറക്കുമ്പോൾ ഒരു കാരാഗൃഹം അടക്കുന്നു" പ്രശസ്തമായ ഈ പഴമൊഴിയുടെ പൊരുൾ മനസ്സിലിട്ടു താലോലിച്ച അരങ്ങത്ത് അച്ചുതൻനായരുടെ ശ്രമഫലമാണ് എ.എൻ.എം.യു.പി. സ്കൂൾ. ഈ നാടിന്റെ സാമൂഹിക, സാംസ്കാരിക മണ്ഡലങ്ങളിൽ നിറഞ്ഞു നിന്ന അദ്ദേഹത്തിന്റെ മനസ്സിൽ പരുവം കൊണ്ട ഒരു സ്വപ്നം വിത്തായി ഈ മണ്ണിൽ വീണ് മുളപൊട്ടി കാലാന്തരങ്ങളിലൂടെ വളർന്ന് സമീപത്തെ ആൽമരം പോലെ പരിലസിക്കുന്നു. ഈ വിദ്യാലയമുഖത്തുനിന്ന് അറിവു നേടിയവർ സമൂഹത്തിന്റെ വിവിധ മേഖലകളിൽ വിരാജിക്കുന്നു.

യുഗപ്രഭാവനായ പനമ്പിള്ളി ഗോവിന്ദമേനോന്റെ പരിശ്രമംകൊണ്ട് 1951 -ൽ സർക്കാരിൽ നിന്നും അംഗീകാരം കിട്ടിയ അച്യുതൻനായർ മെമ്മോറിയൽ അപ്പർ പ്രൈമറി സ്കൂൾ 1952 ജൂൺ 2-ാം തിയ്യതിയാണ് ആരംഭിച്ചത്. ശ്രീ.എ.ജെ. ജോൺ വിദ്യാഭ്യാസ മന്ത്രിയായിരുന്ന കാലം. ഈ നാട്ടിലെ വിദ്യാർത്ഥികൾക്ക് അപ്പർപ്രൈമറി വിദ്യാഭ്യാസത്തിന് കിലോമീറ്ററുകൾ താണ്ടേണ്ടിവരുന്ന അവസ്ഥ. ഇതിനറുതിവരുത്താൻ ശ്രീ. അരങ്ങത്ത് അച്യുതൻനായർ നടത്തിയ പരിശ്രമങ്ങൾ വിജയം കണ്ടപ്പോൾ ഈ നാട്ടിലെ ജനങ്ങളുടെ അറിവുതേടിയുള്ള പ്രയാണം സുഗമമായി. അമ്പത്തിയഞ്ച് വിദ്യാർത്ഥികളുമായി അഞ്ചാം ക്ലാസ്. സുരഭിലമായ ഈ വിദ്യാലയത്തിന്റെ ചരിത്രം ഇവിടെ ആരംഭിക്കുന്നു.

ഉന്നതനിലവാരമുള്ള വിദ്യാഭ്യാസം ലഭ്യമാക്കുന്നതിന് പരിചയസമ്പന്നരായ സർവ്വീസിൽ നിന്നും വിരമിച്ച, ഡി.ഇ.ഒ., എ.ഇ.ഒ. ഹെഡ്മാസ്റ്റർമാർ എന്നിവരെ അധ്യാപകരായി നിയമിച്ചു. പ്രഥമ പ്രധാന അധ്യാപകനായി നിയമിതനായത് കിരാലൂർ നിവാസിയായ ശ്രീ. പി.കെ. നാരായണൻ നമ്പ്യാരായിരുന്നു. അവണൂർ പുഴയ്ക്കൽ വേലപ്പന്റെ മകൻ പി.വി. വിജയനായിരുന്നു ആദ്യം പ്രവേശനം നേടിയ വിദ്യാർത്ഥി.

## നേട്ടങ്ങൾ

50 സ്കൂളുകളെ കൂട്ടിയിണക്കി എക്സ്റ്റൻഷൻ സർവ്വീസ് സെന്റർ രൂപീകരിച്ച് നടത്തിയ കലോത്സവത്തിൽ മറ്റ് കോൺവന്റ് സ്കൂളുകളുമായി മത്സരിച്ചിട്ടുപോലും ഒന്നാമതെത്താൻ ഈ വിദ്യാലയത്തിനു കഴിഞ്ഞു.

2001-02, 2002-03 എന്നീ തുടർച്ചയായ വർഷങ്ങളിലും 2010-11 വർഷത്തിലും വെസ്റ്റ് സബ്ബ് ജില്ലയിലെ മികച്ച സ്കൂളായി തെരഞ്ഞെടുക്കപ്പെട്ടു. 2002-03ൽ ശാസ്ത്ര പ്രദർശനമേളയിലും പ്രവൃത്തി പരിചയമേളയിലും ഈ വിദ്യാലയത്തിലെ വിദ്യാർത്ഥികൾ സംസ്ഥാനതലം വരെ എത്തി. 2002-03ൽ ഉറുദു കലോത്സവത്തിൽ തൃശ്ശൂർ വിദ്യാഭ്യാസ ജില്ലയിൽ ഏറ്റവും കൂടുതൽ പോയിന്റ് നേടിയ വിദ്യാലയമാണ് ഞങ്ങളുടേത്. 2001-02ൽ

സംസ്കൃതം കലോത്സവത്തിൽ സംസ്കൃത പ്രതിഭാപട്ടം ലഭിച്ചത് ഈ വിദ്യാലയത്തിലെ വിദ്യാർത്ഥിയായിരുന്നു. ധാരാളം യു എസ് എസ് ജേതാക്കളുണ്ടായിരുന്നു. 2022 - 23 വർഷത്തിൽ വെസ്റ്റ് ഉപജില്ല കലാ മത്സരത്തിൽ 10-ാം സ്ഥാനം കരസ്ഥമാക്കാൻ നമുക്ക് സാധിച്ചു. 2023 - 24 ൽ കലാമേളയിൽ കൂടുതൽ മികവ് പുലർത്തി 8-ാം സ്ഥാനത്തേക്ക് വരുവാൻ സാധിച്ചു.നാടകത്തിൽ മികച്ച നടനും, മികച്ച നടിയും നമ്മുടെ വിദ്യാലയത്തിലെ കുട്ടികളായിരുന്നു. കായിക മേളയിൽ ഡിസ്കസ്ത്രോ, ഷോട്ട്പുട്ട് എന്നീ ഇനങ്ങളിൽ ഒന്നാമതെത്താൻ സാധിച്ചു. 2024 - 2025 ലും കലയിൽ മികവ് പുലർത്താൻ നമ്മുടെ വിദ്യാലയത്തിന് സാധിച്ചു.

## പരിമിതികൾ

ഒരു കാലഘട്ടത്തിൽ 5, 6, 7 ക്ലാസുകളിലായി 500 കുട്ടികൾ വരെ എത്തിയ ഈ വിദ്യാലയം ഇന്ന് 60 കുട്ടികളായി ചുരുങ്ങിയിരിക്കുകയാണ്. ഇതിന്റെ പ്രധാന കാരണം ഇവിടെ ഹൈസ്കൂൾ ഇല്ല എന്നതുതന്നെ. ഈ കാലഘട്ടത്തിൽ നമ്മുടെ വിദ്യാലയം നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളിയാണിത്.

# വിദ്യാലയം മികവിന്റെ കേന്ദ്രം

പൊതു വിദ്യാലയങ്ങൾ കേവലം പാഠപുസ്തകങ്ങൾ പഠിക്കാൻ വേണ്ടി മാത്രമുള്ള കേന്ദ്രങ്ങളാകരുത്. ഇവിടെ വരുന്ന ഒരു കുട്ടിയുടെ സമഗ്രമായ വികസനം - പാഠ്യ പാഠ്യേതര വിഷയങ്ങൾ , ആരോഗ്യ ശീലങ്ങൾ, മികച്ച ഭക്ഷണ രീതി, നല്ല സ്വഭാവ രീതികൾ, സാമൂഹ്യ ഇടപെടലുകൾ, കലാകായിക സാംസ്കാരിക രംഗങ്ങളിലെ ഇടപെടലുകൾ എന്നിങ്ങനെ ഒരു നല്ല മനുഷ്യനാകാൻ വേണ്ട ശാരീരികവും, മാനസികവും, ബൗദ്ധികവുമായ വളർച്ചയാണ് ലക്ഷ്യമിടുന്നത്. ഇതിനായി പാഠപുസ്തകങ്ങൾ കൂടാതെ ധാരാളം ഭൗതിക സാഹചര്യങ്ങൾ നമ്മുടെ സ്കൂളുകളിൽ ഉണ്ടാകേണ്ടതുണ്ട്. ഓരോ സ്കൂൾ കാമ്പസും കുട്ടികൾക്ക് ധാരാളം അനുഭവങ്ങൾ പകർന്നു നൽകുന്നതായിരിക്കണം. കേവലം കെട്ടിടങ്ങൾ മാത്രമാകരുത്. ജൈവ വൈവിധ്യങ്ങളുടെ ഒരു കലവറയായി സ്കൂൾ പരിസരങ്ങൾ മാറേണ്ടതുണ്ട്. അതുപോലെതന്നെ ഇന്നത്തെ തലമുറയുടെ ഏറ്റവും പിന്നോക്കാവസ്ഥയിലുള്ള വായനാശീലം ഏറെ പ്രോത്സാഹിപ്പിക്കേണ്ടതുണ്ട്. ചെറുപ്പത്തിൽ തന്നെ ഇത് വളർത്തിയെടുക്കുന്നതിനായി സ്കൂൾ ലൈബ്രറികൾ കൂടുതൽ സജീവ

മാകേണ്ടതുണ്ട്. നവ മാധ്യമങ്ങളിലൂടേയും ദൃശ്യമങ്ങളിലൂടേയും പ്രചരിച്ചുകൊണ്ടിരിക്കുന്ന നിലവാരം കുറഞ്ഞ ഭാഷാപ്രയോഗങ്ങളിൽ നിന്നും മാറികുട്ടികൾക്ക് കൂടുതൽ ശുദ്ധതയുള്ള ഭാഷയും, പ്രയോഗങ്ങളും കൈവരിക്കുവാൻ സാധിക്കും. അതുപോലെതന്നെ ശാസ്ത്ര വിഷയങ്ങൾ കൂടുതൽ ഹൃദ്യവും വിരസതയില്ലാത്തതുമാക്കുന്നതിന് പരീക്ഷണ ശാലകൾ കൂടുതൽ സജീവമാകേണ്ടതുണ്ട്. നിലവിലുള്ള ശാസ്ത്ര, ഗണിത ശാസ്ത്ര ലാബുകൾ കൂടുതൽ പരിപോഷിപ്പിക്കാൻ തീരുമാനിച്ചു. ശരീരത്തിന് ഒട്ടും ഗുണകരമല്ലാത്ത ഫാസ്റ്റ് ഫുഡ് സംസ്കാരം പടർന്നുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ ആരോഗ്യ സംരക്ഷണത്തിനുതകുന്ന നാടൻ ഭക്ഷണരീതികളും, കാലാവസ്ഥാ വ്യതിയാനങ്ങൾക്കനുസരിച്ച് ഭക്ഷണ ക്രമത്തിൽ വരുത്തേണ്ട മാറ്റങ്ങളും കുട്ടികൾക്ക് ബോധ്യമാകാവുന്ന തരത്തിൽ ഉച്ച ഭക്ഷണ പരിപാടി കൂടുതൽ മികച്ചതാക്കാവുന്നതാണ്. അതിനായി നല്ല ഒരു അടുക്കളത്തോട്ടവും ഒരുക്കേണ്ടതുണ്ട്. കൂടാതെ ലഹരി-മയക്കുമരുന്ന് വസ്തുക്കളുടെ ഉപയോഗം കുട്ടികളിൽ ഇല്ലാതാക്കുന്നതിനുള്ള ബോധവത്കരണ. കൗൺസിലിങ് പരിപാടികളും വിദ്യാഭ്യാസത്തിന്റെ ഭാഗമായിരിക്കണം. പാഠ്യരംഗത്ത് എന്നപോലെതന്നെ പാഠ്യേതര രംഗത്തും കുട്ടികൾക്ക് അവസരങ്ങൾ ഉണ്ടാക്കി കൊടുക്കുന്നതിനും അതിന് അവർക്കാവശ്യമായ സൗകര്യങ്ങൾ ഒരുക്കി കൊടുക്കുന്നതിനും വേണ്ട ക്രമീകരണങ്ങൾ ചെയ്യേണ്ടതുണ്ട്. ഇക്കാര്യത്തിൽ പുറമേ നിന്നുള്ള വിദഗ്ദരുടെ സേവനങ്ങൾ ഏർപ്പെടുത്തുന്നതിനും അവരുടെ പ്രകടനങ്ങൾ കാണുന്നതിനുമുള്ള അവസരങ്ങൾ ഉണ്ടാകേണ്ടതുണ്ട്. സാമൂഹ്യ സാംസ്കാരിക പ്രമുഖരുമായുള്ള ഇടപെടലുകളും, ചർച്ചകളും കുട്ടികൾക്ക് കൂടുതൽ സാമൂഹ്യ ബോധവും, രാഷ്ട്ര ബോധവും ഉണ്ടാക്കുന്നതാകയാൽ ഇത്തരം പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കേണ്ടതാണ്. ഇതിനെല്ലാം പുറമേ ലോകം ഒരു വിരൽതുമ്പുകൊണ്ട് നിയന്ത്രിക്കുന്ന വിവര സാങ്കേതിക വിദ്യ സജ്ജീകരണങ്ങൾ പൊതു വിദ്യാലയത്തിൽ വളരെ മികച്ച രീതിയിൽ സജ്ജീകരിക്കേണ്ടതുണ്ട്. പൊതു വിദ്യാലയങ്ങൾ ഹൈടെക് സ്കൂളുകളായി മാറേണ്ടതുണ്ട്.

# നിലവിലെ അവസ്ഥ

## ഭൗതികം

ഭൗതിക സാഹചര്യങ്ങളിൽ ഒന്നാമത്തേതായി കരുതേണ്ട സ്കൂളിൽ കെട്ടിടത്തിന്റെ കാര്യത്തിൽ 1952ൽ ഈ സ്കൂൾ സ്ഥാപിതമാ യപ്പോഴുള്ളതിൽ നിന്നും വലിയ വ്യത്യാസങ്ങളൊന്നും അവകാശപ്പെടാ നുണ്ടായിരുന്നില്ല. എന്നാൽ കഴിഞ്ഞ അധ്യയന വർഷം (2023-24) നിലവിലെ കെട്ടിടം പൊളിച്ച് പുതിയകെട്ടിടം പണിയുന്നതിനായുള്ള മാനേജരുടെ ഇടപെടലുകൾ പ്രത്യാശ നൽകുന്നതാണ്. എയ്ഡഡ് സ്കൂൾ ആയതിനാൽ മററ് പൊതുഫണ്ടുകളൊന്നും ലഭ്യമല്ലാത്തതിനാൽ ആധുനിക സൗകര്യങ്ങളോടെയുള്ള കെട്ടിടവും അനുബന്ധ ഉപകരണ ങ്ങളും സ്കൂളിന്റെ ഒരു സ്വപ്നമായി അവശേഷിച്ചിരുന്നു. എന്നാൽ 2024 മാർച്ച് മാസം 7-ാം തിയ്യതി വിദ്യാലയത്തിന് പുതിയ കെട്ടിടം എന്ന സ്വപ്നം സാക്ഷാത്കരിക്കപ്പെട്ടു. എല്ലാ സൗകര്യങ്ങളോടും കൂടിയ മികച്ച ഒരു കെട്ടിടം തന്നെ മാനേജർ ശ്രീ. കരുണാകരന്റെ നേതൃത്വത്തിൽ നമുക്ക് ലഭിച്ചു. ഉച്ച ഭക്ഷണ പാചകപ്പുരയുടെ ആധുനികവത്കരണവും അതിനനോടു ചേർന്ന് ഭക്ഷണം കഴിക്കാനുള്ള മുറിയും ഉണ്ടാകേണ്ടതുണ്ട്. വായനാശീലം പ്രോത്സാഹിപ്പിക്കുന്നതിനായി കൂടുതൽ ലൈബ്രറി പുസ്തകങ്ങളും, അവ കാര്യക്ഷമമായി സൂക്ഷിക്കുന്നതിന് കൂടുതൽ അലമാരകളും ആവശ്യമാണ്. പ്രത്യേക വായന മുറിയും സജ്ജമാക്കുന്നത് ഉപകാര പ്രദമായിരിക്കും. ശാസ്ത്ര, ഗണിത ശാസ്ത്ര വിഷയങ്ങൾ പഠിക്കുന്നതിന് സഹായകമാകുന്ന തരത്തിലുള്ള കൂടുതൽ മികവുള്ള ശാസ്ത്ര, ഗണിത ശാസ്ത്ര ലാബ് സജ്ജീകരിച്ചിട്ടുണ്ട്. കമ്പ്യൂട്ടർ പഠനത്തിനായി കൂടുതൽ കമ്പ്യൂട്ടറുകൾ എൽ.സി.ഡി. പ്രോജക്ടർ എന്നിവയും ആവശ്യമാണ്. കുട്ടികളുടെ കളിസ്ഥലം പുറത്താകയാൽ റോഡ് മുറിച്ച് കടക്കേണ്ടത് അപകടങ്ങൾ ഉണ്ടാകാൻ എളുപ്പമാണ്. അതിനാൽ സ്കൂൾ വളപ്പിനോട് ചേർന്ന് തന്നെ കളിസ്ഥലവും കണ്ടെത്തിയാൽ അപകടകരമായ ഈ അവസ്ഥ പരിഹരിക്കാവുന്നതാണ്. സ്കൂളിന്റെ ചുറ്റു

മതിൽ കുറച്ചു സ്ഥലം മതിലും ബാക്കി കമ്പി വേലിയുമായാണ് നിൽക്കുന്നത്. ഇത് റോഡ് ഇത് റോഡ് വശമെങ്കിലും മതിൽ പണിത് അതിൽ ചിത്രങ്ങളും, മഹത് വചനങ്ങളും ആലേഖനം ചെയ്യുന്നത് സ്കൂളിന് കുറച്ചുകൂടി ആകർഷണീയത നൽകും. കൂടാതെ ടോയ്‌ലറ്റ്, കുടിവെള്ളം, മാലിന്യ സംസ്കരണം തുടങ്ങിയവക്കുള്ള സൗകര്യങ്ങൾ നിലവിലുണ്ടെങ്കിലും ഇവയെല്ലാം കാലാനുസൃതമായി ആധുനികവത്കരിക്കേണ്ടതുണ്ട്. പുതിയ ടോയ്‌ലറ്റുകളുടെ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്.

**അക്കാദമികം**

ഭാഷാ വിഷയങ്ങളിലും, ശാസ്ത്ര-ഗണിതശാസ്ത്ര വിഷയങ്ങളിലും പിൻനിരയിൽ നിൽക്കുന്ന കുട്ടികളെ മുഖ്യ ധാരയിലെത്തിക്കുന്നതിനും കൂടുതൽ മികവ് കാട്ടുന്നവർക്ക് മികച്ച അവസരങ്ങളുണ്ടാക്കി കൊടുക്കുന്നതിനും പ്രത്യേക ശ്രദ്ധയും, അധിക സമയ പരിശീലനങ്ങളും നൽകാറുണ്ട്. വായന പരിപോഷണത്തിനും, ഭാഷാ ശേഷി വികസനത്തിനുമായി ലൈബ്രറിയും, ശാസ്ത്ര പോഷണത്തിനായി പരീക്ഷണശാലയും, അനുബന്ധ ഉപകരണങ്ങളും മികച്ച സൗകര്യങ്ങളോടെ നവീകരിക്കേണ്ടതുണ്ട്. ( സെമിനാറുകൾ, ശില്പശാലകൾ എന്നിവ നടത്തുന്നതിന് ആവശ്യമായ സംവിധാനങ്ങളുള്ള പ്രത്യേക സ്മാർട്ട് ക്ലാസ്സ് റൂമുകൾ ആവശ്യമാണ്.) കലാ-കായിക പ്രവർത്തി പരിചയ വിഷയങ്ങളിൽ തല്പരരായ കുട്ടികൾക്ക് കൂടുതൽ ആധികാരികവും, മികച്ചതുമായ പരിശീലനം നൽകുന്നതിന് പ്രസ്തുത വിഷയങ്ങളിൽ പരിശീലനം സിദ്ധിച്ച അദ്ധ്യാപകർ ഈ സ്ഥാപനത്തിലില്ല. എങ്കിലും അദ്ധ്യാപകരോടൊപ്പം ഈ രംഗങ്ങളിൽ തല്പരരായ രക്ഷിതാക്കൾ, പൂർവ്വവിദ്യാർത്ഥികൾ എന്നിവരുടെ ഇടപെടലുകൾ ഒരു പരിധിവരെ ഈ രംഗത്ത് നേട്ടങ്ങൾ കൈവരിക്കുന്നതിന് സഹായകമായിട്ടുണ്ട്. ഇത്രയൊക്കെ പരിമിതികളുണ്ടെങ്കിലും മാനേജ്മെന്റ്, അദ്ധ്യാപകർ, രക്ഷിതാക്കൾ, സന്നദ്ധ സംഘടനകൾ എന്നിവരുടെ കൂട്ടായ പരിശ്രമം മൂലം കുട്ടികൾക്ക് പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങൾ നൽകുവാനും, നല്ല നിലവാരം പുലർത്തുവാനും ഈ വിദ്യാലയത്തിന് സാധിക്കുന്നുണ്ട്.

# മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ
## ഒറ്റനോട്ടത്തിൽ

**അക്കാദമികം**

ഭാഷാശേഷി വികസനം

ഗണിതശേഷി വികസനം

ഇംഗ്ലീഷ് പഠന പരിപോഷണം

ശാസ്ത്രപോഷണ പരിപാടി

വായനാപരിപോഷണം

ലൈബ്രറി നവീകരണം

ലബോറട്ടറി ആധുനികവൽക്കരണം

പഠനയാത്രകൾ

കലാ-കായിക പ്രവൃത്തിപരിചയം

സ്കൂൾ പത്രം/മാസിക

പച്ചക്കറിത്തോട്ടം

പോഷകാഹാരപരിപാടി

**ഭൗതികം**

ചുറ്റുമതിൽ

കളിസ്ഥലം

ഡൈനിങ് ഹാൾ

അടുക്കള നവീകരണം

അസംബ്ലി ഹാൾ

ലബോറട്ടറി

കമ്പ്യൂട്ടർ, എൽ.സി.ഡി. പ്രൊജക്ടർ

<u>സാമൂഹികം</u>

1. പി.ടി.എ. ശക്തിപ്പെടുത്തൽ
2. പൂർവ്വവിദ്യാർത്ഥിസംഘടനയുടെ പ്രവർത്തനം
3. ഗ്രന്ഥശാലകൾ, ക്ലബ്ബുകൾ, പൂർവ്വവിദ്യാർത്ഥികൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവയുടെ പ്രയോജനപ്പെടുത്തൽ
4. വിദ്യാലയ മികവുകൾ പൊതുസമൂഹവുമായി പങ്കിടൽ.
5. വിദ്യാലയ വിഭവങ്ങൾ സമൂഹത്തിന് കൂടി പ്രയോജനപ്പെടുത്തൽ.

| മേഖല : അക്കാദമികം ലക്ഷ്യം | ഉപമേഖല : മലയാള ഭാഷ പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും മലയാള ഭാഷ വായിക്കാനും, എഴുതാനും, ആശയങ്ങൾ വ്യക്തമായും കൃത്യമായും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കൽ. | 1. പ്രീ ടെസ്റ്റ് നടത്തി<br>2. അക്ഷര കാർഡ്<br>3. അക്ഷരം ഉറപ്പിക്കൽ<br>4. വാക്കുകൾ നിർമ്മിക്കൽ<br>5. വാചക രൂപീകരണം<br>6. വാക്യങ്ങൾ നിർമ്മിക്കൽ | ജൂൺ മുതൽ ആഗസ്റ്റ് വരെ | മലയാളം അദ്ധ്യാപിക | 500/-രൂപ |
| | 7. ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം ക്ലാസ്സ് | ആഴ്ചയിൽ 3 ദിവസം | അദ്ധ്യാപകർ, എസ്.ആർ.ജി - കൺവീനർ | |
| | വായന കൂട്ടം രൂപീകരിക്കൽ<br>മലയാളം അസംബ്ലി<br>വായന മൂല, ക്ലാസ്സ് ലൈബ്രറി | ആഴ്ചയിൽ 2 ദിവസം | പ്രധാന അദ്ധ്യാപിക, മലയാളം അദ്ധ്യാപിക | |

| മേഖല : അക്കാദമികം ലക്ഷ്യം | ഉപമേഖല : മലയാള ഭാഷ പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| | വിദ്യാരംഗം കലാസാഹിത്യ വേദി പ്രവർത്തനം. അസംബ്ലിയിൽ എന്നും പത്രം വായിക്കുകയും പ്രധാന വാർത്തകൾ ബുള്ളറ്റിൻ ബോർഡിൽ പ്രദർശിപ്പിക്കൽ | ഒരു വർഷം | അദ്ധ്യാപകർ | |
| | 1. ക്ലാസ് ലൈബ്രറി<br>2. ആസ്വാദനക്കുറിപ്പ്<br>3. ചുമർപത്രിക<br>4. വായനക്കുറിപ്പ്<br>5. മാഗസിനുകൾ<br>6. വ്യക്തിഗതരചന, സംഘരചന<br>7. രചയിതാക്കളെ പരിചയപ്പെടുത്തൽ<br>8. കവിതകൾ പരിചയപ്പെടുത്തൽ, വായിക്കൽ<br>9. ദിനാചരണങ്ങൾ<br>10. അമ്മ വായന<br>11. സമീപ ഗ്രന്ഥശാല അംഗത്വം | സെപ്തംബർ - നവംബർ | മലയാളം അദ്ധ്യാപിക, എസ്.ആർ.ജി. - കൺവീനർ | 1000/- രൂപ പി.ടി.എ. |

| മേഖല : അക്കാദമികം ലക്ഷ്യം | ഉപമേഖല : മലയാള ഭാഷ<br>പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| | 1. പാഠ സംബന്ധമായ പ്രൊജക്ടുകൾ തയ്യാറാക്കൽ<br>2. പവർ പോയന്റ് പ്രസന്റേഷൻ (ഐ.സി.ടി.)<br>3. പൊതുവേദികളിൽ സംസാരിക്കാനുള്ള കഴിവ് ഉണ്ടാക്കിയെടുക്കൽ<br>4. ശില്പശാല സംഘടിപ്പിക്കൽ<br>5. സാഹിത്യകാരന്മാരുമായുള്ള അഭിമുഖം | ഡിസംബർ-ഫെബ്രുവരി | മലയാളം അധ്യാപിക എസ്.ആർ.ജി. - കൺവീനർ<br>അധ്യാപകർ ബി.ആർ.സി. | 1000/- രൂപ പി.ടി.എ |
| | 1. ഇ-വായന<br>2. വായനക്കൂട്ടം, എഴുത്തുക്കൂട്ടം- മോണിറ്ററിംഗ് | മാർച്ച് | മലയാളം അധ്യാപിക ബി.ആർ.സി. | |
| സാഹിത്യകാരന്മാരെ അറിയൽ | ആൽബം നിർമ്മാണം | സെപ്റ്റംബർ | മലയാളം അധ്യാപകർ | 500/- രൂപ |

| മേഖല: അക്കാദമികം – ലക്ഷ്യം | ഉപമേഖല: ശാസ്ത്രം – പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാഹിത്യകൃതികളോടും സാഹിത്യകാരന്മാരോടുമുള്ള അനുകൂല മനോഭാവം വളർത്തുക വഴി പഠിതാക്കളുടെ സർഗ്ഗശേഷി വളർത്തൽ | സംവാദം – മുഖാമുഖം സാഹിത്യകാരന്മാർ, എഴുത്തുകാർ, കലാകാരന്മാർ എന്നിവരുമായുള്ള അഭിമുഖ സംഭാഷണവും സംവാദങ്ങളും സംഘടിപ്പിക്കുന്നു. | വർഷത്തിൽ 2 പ്രാവശ്യം | മലയാളം അധ്യാപകർ | പി. ടി. എ. |
| പഠിതാക്കളുടെ കലാവാസനകളെ പരിപോഷിപ്പിക്കൽ | പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ചൊൽക്കാഴ്ചകൾ, ലഘു നാടകങ്ങൾ തുടങ്ങിയവ അവതരിപ്പിക്കുന്നു. നാടക കലാകാരന്മാരേയും മറ്റ് കലാകാരന്മാരേയും പങ്കെടുപ്പിച്ച് ശില്പശാലകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | ക്ലാസ് ലീഡേഴ്സ് സ്കൂൾ ലീഡേഴ്സ് മലയാളം അധ്യാപകർ | പി. ടി. എ. |
| പഠിതാവിൽ അർത്ഥപൂർണ്ണമായ വായന ഉറപ്പുവരുത്തുന്നതിന് | പത്രം, ആഴ്ചപ്പതിപ്പ്, മാസികകൾ എന്നിവ പഠിതാക്കൾ വായിക്കുകയും പ്രതികരണ ശേഷി ഉണർത്തുകയും ഉച്ചാരണ ശുദ്ധി വളർത്തുകയും ചെയ്യുന്നു. | എല്ലാ ദിവസവും | മലയാളം അധ്യാപകർ | – – – – |

# മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഭാഷയുടെ അടിസ്ഥാന ശേഷി വികസനം ആശയ സംവേദനം നടത്താനും പ്രാസനത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കലും. | എന്റെ അവധിക്കാലം പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ (കഥ, കവിത, യാത്രാനുഭവം, അനുഭവക്കുറിപ്പ്) അവതരിപ്പിക്കുന്നു. | അക്കാദമിക വർഷം | മലയാളം അധ്യാപകർ | മലയാളം ക്ലബ്ബ് |
| ദിന പത്രം, അനുകാലിക പ്രസിദ്ധീകരണങ്ങൾ എന്നിവയുടെ വായന | ഓരോ ക്ലാസിലും പത്രം, അനുകാലിക പ്രസിദ്ധീകരണങ്ങൾ തുടങ്ങിയവ വിതരണം ചെയ്യുകയും, ഓരോ മാസാവസാനവും പത്ര ക്വിസ് നടത്തുകയും ചെയ്യുന്നു. | 1 വർഷം | ക്ലാസ് ലീഡേഴ്സ് സ്കൂൾ ലീഡേഴ്സ് മലയാളം അധ്യാപകർ | സന്നദ്ധ പ്രവർത്തകർ |
| അറിവ് വർധന, ഓർമ്മ വർധന | മലയാള സാഹിത്യത്തിലെ കാവ്യങ്ങൾ വായിക്കുകയും ഹൃദ്യസ്ഥമാക്കുകയും ചെയ്യുന്നു. | ദിന പ്രവർത്തനം | മലയാളം അധ്യാപകർ | 2000 |

| മേഖല: അക്കാദമികം- ലക്ഷ്യം | ഉപമേഖല: സംസ്കൃതം - പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഭാഷ പഠിക്കാൻ ആഗ്രഹമുള്ള എല്ലാ കുട്ടികളെയും ഭാഷയെപ്പറ്റി കേൾപ്പിക്കുക, വായിക്കാനും, എഴുതാനും, ആശയവ്യക്തതയും ഉണ്ടാക്കുന്നതിനുള്ള ശേഷി വികസിപ്പിക്കുക, പരിശീലിപ്പിക്കുക | അക്ഷര കാർഡ്<br>അക്ഷരം ഉറപ്പിക്കൽ<br>വാക്കുകൾ നിർമ്മിക്കൽ<br>വാക്യങ്ങളുടെ രൂപീകരണം<br>വാചകങ്ങളുടെ രൂപീകരണം<br>ചെറിയ പാട്ടുകൾ കേൾപ്പിക്കൽ | ജൂൺ മുതൽ ആഗസ്റ്റ് വരെ | സംസ്കൃതം അദ്ധ്യാപിക | |
| | പിന്നോക്കം നിൽക്കുന്ന കുട്ടികളെ പ്രത്യേകം ക്ലാസ് നൽകുക | ആഴ്ചയിൽ 3 ദിവസം | സംസ്കൃതം അദ്ധ്യാപിക | |
| | സംസ്കൃത അസംബ്ലി<br>ക്ലാസ് ലൈബ്രറി<br>വായന മൂല<br>സംഘമായി വായിക്കൽ | ആഴ്ചയിൽ 2 ദിവസം | സംസ്കൃതം അദ്ധ്യാപിക | |

| മേഖല: അക്കാദമികം– ലക്ഷ്യം | ഉപമേഖല: സംസ്കൃതം – പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഭാഷ വായിക്കാനും, കേൾക്കാനും, എഴുതാനും, പ്രാപ്തരാക്കുക – ഭാഷാ വികസനം | ലഘു നാടകങ്ങൾ സംഘടിപ്പിക്കൽ | മാസത്തിലൊരിക്കൽ | അദ്ധ്യാപിക | |
| | ആശയ സംവാദ ക്ലാസുകൾ കൊടുക്കുക. | ആഴ്ചയിൽ ഒരിക്കൽ | അദ്ധ്യാപിക | |
| | ഐ.സി.ടി. ബന്ധിത ക്ലാസുകൾ നൽകുക | | അദ്ധ്യാപിക | |

| മേഖല : അക്കാദമികം ലക്ഷ്യം | ഉപമേഖല : ഇംഗ്ലീഷ് ഭാഷ പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഭാഷ ഫലപ്രദമായി വായിക്കാനും, എഴുതാനും, സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കൽ.<br>English Gate | പഠന നില കണ്ടെത്താനും പ്രീ ടെസ്റ്റ് നടത്തി വിശകലനം ചെയ്ത് മികവുകളും പരിമിതികളും കണ്ടെത്തുന്നു.<br>പരിഹാര പ്രവർത്തനങ്ങൾ നടത്തുന്നു.<br><u>Time for English</u><br>* അക്ഷര കാർഡ്<br>* അക്ഷരം ഉറപ്പിക്കൽ<br>* വാക്കുകൾ നിർമ്മിക്കൽ<br>* വാചക രൂപീകരണം<br>* വാക്യങ്ങൾ നിർമ്മിക്കൽ | ആഴ്ചയിൽ 5 ദിവസം (അവധി കാലം) മെയ് മാസം | ഇംഗ്ലീഷ് അദ്ധ്യാപിക | 1000/- രൂപ |
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും, എഴുതാനും, സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കുക. | ആഴ്ചയിൽ 2 ദിവസം കുട്ടികൾ തന്നെ അസംബ്ലിയുടെ മുഴുവൻ പരിപാടികളും ഇംഗ്ലീഷിൽ അവതരിപ്പിക്കുക. അദ്ധ്യാപകർ ഇംഗ്ലീഷിൽ സന്ദേശം നൽകൽ. ഓരോ ക്ലാസുകൾക്കും ഇടവിട്ട് ചുമതല നൽകൽ | ആഴ്ചയിൽ 2 ദിവസം | ഇംഗ്ലീഷ് അദ്ധ്യാപിക<br>ക്ലാസ് ടീച്ചർ | |

| മേഖല : അക്കാദമികം ലക്ഷ്യം | ഉപമേഖല : ഇംഗ്ലീഷ് ഭാഷ പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷയെ സർഗാത്മക പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കൽ<br>English Thetre | പാഠപുസ്തകത്തിലെ ഇംഗ്ലീഷ് പാഠഭാഗങ്ങളെ പുസ്തകത്തിൽ പ്രതിപാദിച്ചിരിക്കുന്നതുപോലെ സദസ്സിനു മുമ്പാകെ അവതരിപ്പിക്കൽ<br>Example : Skit, Conversation, Drama | പ്രതിമാസ പരിപാടി | ഇംഗ്ലീഷ് അദ്ധ്യാപകർ | 500/- രൂപ |
| വ്യാകരണ ശുദ്ധിയോടെ ഭാഷ ഉപയോഗിക്കുവാൻ കഴിവു നേടൽ<br>Fun with English | അവധി ദിവസങ്ങളിൽ വ്യാകരണത്തിന് പ്രാധാന്യം നൽകിയിട്ടുള്ള ഇംഗ്ലീഷ് ക്ലാസ്സുകൾ | പ്രതിവർഷം 10 ക്ലാസ്സ് | ഇംഗ്ലീഷ് അദ്ധ്യാപകർ ക്ലാസ് ടീച്ചർ | 1000/- രൂപ പി.ടി.എ. |
| കളികളിലൂടെയുള്ള ഭാഷാപഠനം<br>*Crossword Puzzles* | ഇംഗ്ലീഷ് പദപ്രശ്നം നിർമ്മിക്കുന്നു. | പ്രതിമാസ പരിപാടി | ഇംഗ്ലീഷ് ക്ലബ്ബ് | |

| മേഖല അക്കാദമികം ലക്ഷ്യം | ഉപമേഖല : ഇംഗ്ലീഷ് ഭാഷ പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് പഠനാന്തരീക്ഷം സൃഷ്ടിക്കൽ<br><br>English Corner<br>(In Class rooms) | ക്ലാസ് മുറികളിൽ ഇംഗ്ലീഷ് പ്രസിദ്ധീകരണങ്ങൾ, പുസ്തകങ്ങൾ എന്നിവയുടെ ശേഖരം ഒരുക്കൽ<br><br>English story book,<br>Dictionary, News paper | പ്രതിമാസ പരിപാടി | ഇംഗ്ലീഷ് ക്ലബ് | പി ടി എ |
| ഇംഗ്ലീഷ് ഭാഷയിലൂടെ സർഗാത്മകത വളർത്തൽ | ഇംഗ്ലീഷ് മാസികക്കുള്ള രചനകൾ, കാർട്ടൂൺ, കവിത, കഥ, ലേഖനം എന്നിവ തയ്യാറാക്കൽ<br>English Magazine | 6 മാസം | ഇംഗ്ലീഷ് ക്ലബ് | 1000 രൂപ<br>പി ടി എ |

| മേഖല: അക്കാദമികം - ലക്ഷ്യം | ഉപമേഖല: ഇംഗ്ലീഷ് - പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സഭാകമ്പം കൂടാതെ വേദികളിൽ ഇംഗ്ലീഷ് ഭാഷ പ്രയോഗിക്കാനുള്ള ശേഷി ഉറപ്പിക്കൽ | ഇംഗ്ലീഷ് ക്ലബ്ബ് പ്രവർത്തനത്തിലൂടെ ഇംഗ്ലീഷ് പ്രസംഗ പരിശീലനം നൽകുന്നു<br><br>അസംബ്ലിയിലും പൊതു പരിപാടികളിലും കുട്ടികൾ ഇംഗ്ലീഷിൽ പ്രസംഗിക്കുന്നു. | ആഴ്ചയിൽ 1 ദിവസം | ഇംഗ്ലീഷ് അദ്ധ്യാപകർ | |
| ഇംഗ്ലീഷ് ഭാഷയെ കുട്ടികളിൽ ഒളി ഞ്ഞിരിക്കുന്ന ഭൗതിക വികാസ ങ്ങൾ പ്രയോജനപ്പെടുത്തൽ | ക്വിസ്സുകൾ സംഘടിപ്പിക്കുന്നു. | പ്രതിമാസ പരി പാടി | ഇംഗ്ലീഷ് ക്ലബ്ബ്, ഇംഗ്ലീഷ് അദ്ധ്യാപകർ | |

# ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആശയ ഗ്രഹണ ശേഷി വർദ്ധിപ്പിക്കൽ | ഇംഗ്ലീഷിലുള്ള ഓഡിയോ റെക്കോഡിങ്ങുകൾ കേൾക്കാനുള്ള അവസരം ഉണ്ടാക്കുന്നു. | അക്കാദമിക വർഷം | ഇംഗ്ലീഷ് അധ്യാപകർ | |
| | ഡോക്യുമെന്ററികൾ, സിനിമകൾ എന്നിവ കാണുവാനുള്ള അവസരങ്ങൾ ഒരുക്കുന്നു. | അക്കാദമിക വർഷം | ഇംഗ്ലീഷ് അധ്യാപകർ | |
| | ഓഡിയോ പരസ്യങ്ങൾ കേട്ട് താരതമ്യം ചെയ്യുവാനുള്ള അവസരം ഒരുക്കുന്നു. | അക്കാദമിക വർഷം | ഇംഗ്ലീഷ് അധ്യാപകർ | |

| മേഖല : അക്കാദമികം ലക്ഷ്യം | ഉപമേഖല : ഗണിതം പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികളിലും ചതുഷ്ക്രിയകൾ ഉറപ്പിക്കൽ. കണക്കിനോടുള്ള രസകരമായ ആഭിമുഖ്യം വളർത്തൽ | * പഠന നിലവാരം കണ്ടെത്താൻ പ്രീ ടെസ്റ്റ് നടത്തൽ. പരിമിതികൾ കണ്ടെത്തി പരിഹാര ബോധന പ്രവർത്തനങ്ങൾ നടത്തുന്നു. | ജൂൺ - ജൂലൈ | ഗണിത അദ്ധ്യാപിക | |
| | * ഒഴിവു സമയങ്ങളിൽ ചതുഷ്ക്രിയകൾ ഉറപ്പിക്കാനുള്ള ക്ലാസ്സ്.<br>* ഗണിത ക്ലബ് രൂപീകരണം | ആഗസ്റ്റ് - ഫെബ്രുവരി | ഗണിത അദ്ധ്യാപിക ഗണിതത്തിൽ മിടുക്കരായ കുട്ടികൾ | |
| രസകരമായ ഗണിതശാസ്ത്ര പഠനവും കരചലനശേഷികളുടെ വികാസവും | * ജാപ്പനീസ് കലയായ ഒറിഗാമി ശില്പശാലയിലൂടെ ഗണിത ശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ. വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു. അവയുടെ ഗണിത സവിശേഷതകൾ പട്ടികപ്പെടുത്തൽ. പ്രദർശനം സംഘടിപ്പിക്കൽ. | സെപ്റ്റംബർ -ഒക്ടോബർ<br><br>ഫെബ്രുവരി - നവംബർ | എസ്.ആർ.ജി ഗണിത ക്ലബ്ബ് | 2000/- രൂപ പി.ടി.എ |

| മേഖല : അക്കാദമികം ലക്ഷ്യം | ഉപമേഖല ഗണിതം<br>പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക<br>വിശകലനം |
|---|---|---|---|---|
| | ക്വിസ്സ് പ്രോഗ്രാം, കുസൃതി കണക്ക് പയറ്റ്, ഗണിത ശാസ്ത്രജ്ഞന്മാരെ പരിചയപ്പെടുത്തൽ, സംഭാവനകൾ, കണ്ടുപിടുത്തങ്ങൾ<br><br>*ജോമെട്രിക്കൽ പാറ്റേൺ മത്സരങ്ങൾ | പ്രതിമാസ പരിപാടി | ഇംഗ്ലീഷ് ക്ലബ് | 500/- രൂപ<br>പി ടി എ |
| ഗണിതത്തിനോടുള്ള താൽപര്യം വർദ്ധിപ്പിക്കൽ | ഗണിത പസ്സിലുകൾ, ഗണിത കളികൾ എന്നിവ | 6 മാസം<br>(മാസത്തിൽ 4 തവണ) | ഗണിത അദ്ധ്യാപിക<br><br>ഗണിത ക്ലബ് | |

| മേഖല: അക്കാദമികം – ലക്ഷ്യം | ഉപമേഖല: ഗണിത ശാസ്ത്രം – പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സംഖ്യകളെക്കുറിച്ച് വ്യക്തമായ ധാരണ വിദ്യാർത്ഥികളിൽ ഉറപ്പിക്കുക. | ഗണിത പാറ്റേണുകൾ രൂപപ്പെടുത്തൽ, സംഖ്യാചാർട്ടുകൾ, സംഖ്യാമാല എന്നിവയുടെ നിർമ്മാണം | ആവശ്യാനുസരണം | വിദ്യാർത്ഥികൾ | |
| ജ്യാമിതീയ രൂപങ്ങളെക്കുറിച്ച് വ്യക്തമായ ധാരണ ഉണ്ടാക്കുകയും അവ പ്രായോഗിത സന്ദർഭങ്ങളിൽ പ്രയോഗിക്കുകയും ചെയ്യുക | ജ്യാമിതീയ രൂപങ്ങളുടെ നിർമ്മാണം, ജ്യാമിതീയ രൂപങ്ങൾ പട്ടികപ്പെടുത്തൽ, പരപ്പളവ്, ചുറ്റളവ്, വ്യാപ്തം കണ്ടെത്തൽ | 1 പ്രാവശ്യം | | |
| ഗണിത മേഖലയിൽ കുട്ടികളുടെ താൽപര്യം വർദ്ധിപ്പിക്കൽ | ഗണിത ശാസ്ത്രജ്ഞൻമാരുടെ ഫോട്ടോ പ്രദർശനവും, വിവരണവും (പി.പി.ടി. രൂപത്തിൽ) അവതരിപ്പിക്കുക.<br>ഗണിത കഥകളും,കവിതകളും, ഗണിത പ്രശ്നോത്തരികൾ, ഗണിത നാടകം. | | വിദ്യാർത്ഥികൾ | |

# ഗണിതം

| ലക്ഷ്യം | ഗണിത ശാസ്ത്രം പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിതം മധുരമാക്കൽ | <u>ഗണിത പാർക്ക്</u><br>ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയ മുറ്റത്ത് പാർക്ക് സജ്ജമാക്കൽ | ഒരു പ്രാവശ്യം | ഗണിത ക്ലബ് | |
| ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാ സാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു. | <u>ഐ.ടി. സാധ്യതകളിലൂടെ</u><br>ജ്യാമിതീയ രൂപങ്ങൾ, ചതുഷ്ക്രിയകൾ, ടാൻഗ്രാം ഇതുപോലുള്ള പ്രവർത്തനങ്ങൾ ഐ.ടി. സാധ്യതകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് കുട്ടികളിലേക്ക് എത്തിക്കാൻ എളുപ്പത്തിൽ കഴിയുന്നു. | മാസത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | |

| മേഖല അക്കാദമികം ലക്ഷ്യം | ഉപമേഖല ഹിന്ദി ഭാഷ പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഹിന്ദി പഠനം കാര്യക്ഷമമാക്കൽ | • ഹിന്ദി അക്ഷര കാർഡ്<br>• അക്ഷരം ഉറപ്പിക്കൽ<br>• വാക്കുകൾ നിർമ്മിക്കൽ<br>• വാക്യങ്ങൾ നിർമ്മിക്കൽ<br><br>• ഹിന്ദിയുടെ വിവിധ പതിപ്പുകൾ തയ്യാറാക്കൽ<br>• നാടകീകരണം<br>• ഹിന്ദി അസംബ്ലി<br>• ഹിന്ദി ബുള്ളറ്റിൻ പ്രസിദ്ധീകരിക്കൽ<br>• പുസ്തക വായന, മാഗസിനുകൾ | മാസത്തിൽ 1 ദിവസം | ഹിന്ദി അദ്ധ്യാപിക | 2000/- രൂപ [illegible] |
| ആഴ്ചകളുടെ പേരുകൾ, എണ്ണങ്ങൾ എന്നിവ പരിചയപ്പെടുത്തൽ | കുട്ടികളുടെ ജനന തിയ്യതി ഹിന്ദിയിൽ എഴുതൽ, വർക്ക് ഷീറ്റ് തയ്യാറാക്കൽ, കലണ്ടർ നിർമ്മാണം | മാസത്തിൽ 3 ദിവസം | ഹിന്ദി അദ്ധ്യാപിക | |

| മേഖല: അക്കാദമികം– ലക്ഷ്യം | ഉപമേഖല: ഹിന്ദി – പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സുരിലി ഹിന്ദി | സുരിലി വാണി–<br>റേഡിയോ അവതരണം | മാസത്തിൽ 1 ദിവസം | ഹിന്ദി അധ്യാപിക | അധ്യാപകർ |
| | ചിത്ര പ്രദർശനം– പക്ഷികൾ, മൃഗങ്ങൾ, ചിത്രങ്ങൾ | 2 മാസം കൂടുമ്പോൾ | അധ്യാപിക<br>പി.ടി.എ. | 1000 |
| | കാർഡ് നിർമ്മാണം–<br>അക്ഷര കാർഡ്<br>ആശംസാ കാർഡ് | മാസം തോറും | അധ്യാപിക<br>പി.ടി.എ. | 2000 |

# ഹിന്ദി

| ലക്ഷ്യം | ഗണിത ശാസ്ത്രം പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേരുകൾ ഹിന്ദിയിൽ പഠിക്കുക | വീട്ടിൽ ഉപയോഗിക്കുന്ന ഉപകരണങ്ങൾ ഉൾപ്പെടെയുള്ള വസ്തുക്കളുടെ പട്ടിക തയ്യാറാക്കൽ | സെപ്തംബർ മുതൽ ഒക്ടോബർ വരെ | അധ്യാപിക | |
| ഹിന്ദി അന്തരീക്ഷവുമായി ബന്ധപ്പെടാനുള്ള അവസരം ഒരുക്കൽ | ഹിന്ദി ഡോക്യുമെന്ററി, സിനിമ, കവിതകൾ, ഓഡിയോ, വാർത്തകൾ എന്നിവ കേൾക്കൽ | നവംബർ മുതൽ മാർച്ച് വരെ | ഹിന്ദി ക്ലബ് | |

| മേഖല : അക്കാദമികം ലക്ഷ്യം | ഉപമേഖല : ശാസ്ത്രം പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളുടെ ശാസ്ത്രത്തോടുള്ള മനോഭാവവും അറിവും പ്രക്രിയയും പ്രയോഗവും സർഗ്ഗാത്മകതയും വളർത്തുന്നതിന് | • പഠന നില കണ്ടെത്താൻ പ്രീ ടെസ്റ്റ് നടത്തി വിശകലനം ചെയ്ത് മികവുകളും പരിമിതികളും കണ്ടെത്തുന്നു. | ജൂൺ | അദ്ധ്യാപിക | 1000/- രൂപ പി.ടി.എ. |
| | • പരിഹാര പ്രവർത്തനങ്ങൾ കണ്ടെത്തുന്നു. | ജൂലൈ | | |
| | • ശാസ്ത്ര പ്രതിഭകളെ കുറിച്ച് പരിചയപ്പെടുത്തൽ, ഐ.സി.ടി. സാധ്യതകളും | ആഴ്ചയിൽ 2 ദിവസം | S.R.G. | |
| | • സയൻസ് ലാബ് ക്രമീകരണവും നവീകരണവും<br>മൂന്നായി തരംതിരിച്ച് (ഫിസിക്സ്, കെമിസ്ട്രി, ബയോളജി) ക്രമീകരിക്കൽ<br>• ശാസ്ത്ര ക്വിസുകൾ (ദിനാചരണങ്ങൾ, അനുബന്ധം) | ആഗസ്റ്റ് | S.R.G<br>P.T.A. | 1000/- രൂപ പി.ടി.എ. |
| | • ശാസ്ത്രമൂല റീഡിംഗ് കോർണർ<br>• സയൻസ് സ്റ്റഡി ടൂർ, എക്സിബിഷൻ സയൻസ് ഫെയർ | സെപ്തംബർ - ഡിസംബർ | സയൻസ് ക്ലബ്ബ് | 2000/- രൂപ ശാസ്ത്ര ക്ലബ്ബ് |

| മേഖല അക്കാദമികം ലക്ഷ്യം | ഉപമേഖല ശാസ്ത്രം പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രീയ മനോഭാവം രൂപപ്പെടുത്തൽ | ശാസ്ത്രത്തിന്റെ രീതി, ശാസ്ത്രം ജനനന്മക്ക് എന്നിവ കേന്ദ്രീകരിച്ചുള്ള ക്ലാസ്സുകൾ, സംവാദങ്ങൾ തുടങ്ങിയവ സംഘടിപ്പിക്കൽ | ജനുവരി - മാർച്ച് | സയൻസ് ക്ലബ്ബ് | 2000/- രൂപ പി ടി എ |
| പ്രതിഭകൾക്ക് വിദഗ്ദ്ധ പരിശീലനവും ക്ലാസ്സുകളും നൽകൽ | ശാസ്ത്രത്തിൽ മികവാർന്ന നിലവാരം പുലർത്തുന്ന കുട്ടികൾക്കായി പ്രത്യേക പരിശീലന ക്ലാസ്സുകൾ ഒഴിവുദിവസങ്ങളിൽ സംഘടിപ്പിക്കൽ | അവധി ദിവസങ്ങൾ | S.R.G. | 1000/- രൂപ |
| ശാസ്ത്ര മനോഭാവം വളർത്തൽ | ശാസ്ത്ര ലാബ് വിപുലീകരണം അനുകാലിക വിവരങ്ങൾ കുട്ടികൾക്ക് പരിചയപ്പെടുത്തൽ | ആഴ്ചയിൽ 2 ദിവസം | സയൻസ് ക്ലബ്ബ് | |

| മേഖല: അക്കാദമികം – ലക്ഷ്യം | ഉപമേഖല: ശാസ്ത്രം – പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ജീവിതസാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽനിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ. കുട്ടികളിൽ ശാസ്ത്ര ബോധം വികസിക്കുകയും അത് നിത്യജീവിതത്തിൽ പ്രയോജന പ്പെടുത്തുകയും ചെയ്യുന്നു. | ജൈവ വൈവിധ്യ പാർക്ക് – നിശാഗന്ധി ഔഷധത്തോട്ടം, പച്ചക്കറിത്തോട്ടനിർമ്മാണം, ശലഭോദ്യാനം. ഔഷധസസ്യങ്ങളുടെ പ്രാധാന്യത്തെക്കുറിച്ച് ക്ലാസ് | അക്കാദമിക വർഷം | ശാസ്ത്ര അധ്യാപകർ, സയൻസ് ക്ലബ്ബ് | 2000 |
| ആരോഗ്യകരമായ ഭക്ഷണശീലങ്ങൾ വളർത്തിയെടുക്കൽ | ക്ലാസ്സുകളിൽ ഓരോ ഹെൽത്ത് ഇൻസ്പെക്ടർ മാരെ തിരഞ്ഞെടുക്കുക. ഓരോ ക്ലാസ്സിലും ആരോഗ്യ ശുചിത്വപ്രവർത്തനങ്ങൾ പ്രദർശിപ്പിക്കുന്നു. സംവാദം – ഫാസ്റ്റ് ഫുഡ് – പരമ്പരാഗത ഭക്ഷണം | അക്കാദമിക വർഷം | ശാസ്ത്ര ക്ലബ്ബ് | 500 |
| ലഘു പരീക്ഷണങ്ങളിലൂടെ ശാസ്ത്രാഭിരുചി വളർത്തുന്നു. | പരീക്ഷണങ്ങൾക്കാവശ്യമായ സാമഗ്രികൾ കൂടുതൽ സംഘടിപ്പിക്കുന്നു. പരീക്ഷണ ങ്ങൾക്കാവശ്യമായ പരീക്ഷണകിറ്റ് ഓരോ കുട്ടികളും നിർമ്മിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്ര ക്ലബ്ബ്, പി.ടി.എ | 1000 |

## സയൻസ്

| മേഖല: അക്കാദമികം– ലക്ഷ്യം | ഉപമേഖല: ശാസ്ത്രം – പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പാരിസ്ഥിതിക അവബോധം വളർത്തൽ | കണ്ടറിയാനൊരു യാത്ര<br>വംശനാശ ഭീഷണി നേരിടുന്ന സസ്യങ്ങളെ കണ്ടെത്തൽ, ജൈവവൈവിധ്യ രജിസ്റ്റർ നിർമ്മാണം, കാവുകൾ സന്ദർശനം, കണ്ടൽക്കാട് നിരീക്ഷണം, പുഴടെ അറിയാൻ യാത്രകൾ | ടേമിൽ ഒന്ന് | ശാസ്ത്ര അധ്യാപകർ, സയൻസ് ക്ലബ്ബ് | 2000 രൂപ പിടിഎ |
| ശാസ്ത്ര പ്രക്രിയാശേഷി വികസിപ്പിക്കുക | യുറേക്കാ<br>കുട്ടികളിൽ ശാസ്ത്ര അവബോധം വർദ്ധിപ്പിക്കുന്നതിനായി ക്ലാസുകളിൽ ശാസ്ത്രമാസികകൾ ഉൾക്കൊള്ളിച്ച ശാസ്ത്ര ലൈബ്രറി | അക്കാദമിക വർഷം | ശാസ്ത്ര അധ്യാപകർ, | 1000 രൂപ സയൻസ് ക്ലബ് |

| മേഖല അക്കാദമികം ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാമൂഹ്യശാസ്ത്ര പഠനം രസകരമാക്കൽ | ശാസ്ത്രപ്രദർശനങ്ങൾ, മെഡിക്കൽ പ്രദർശനങ്ങൾ, പ്ലാനിറ്റോറിയം, മ്യൂസിയം, കാഴ്ചബംഗ്ലാവ് എന്നിവ സന്ദർശിക്കുന്നതിനുള്ള പഠനയാത്രകൾ | പ്രതിവർഷം 3 യാത്രകൾ | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് പി ടി എ | 2000/- രൂപ പി ടി എ |
| ഭൂപട പഠനം രസകരമാക്കൽ | ഭൂപടത്തെ പരിചയപ്പെടുത്തൽ, ഗ്ലോബ് നിർമ്മാണം, റിലീഫ് ഭൂപടം, അറ്റ്ലസ് പരിചയപ്പെടുത്തൽ | 3 മാസം | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് സെക്രട്ടറി | 1000/- രൂപ സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് |
| സാമൂഹിക ശാസ്ത്ര അറിവുകളെ അപ്ഡേറ്റ് ചെയ്യൽ | ഒരു ബുള്ളറ്റിൻ ബോർഡ് സ്ഥാപിച്ച് ആനുകാലിക പ്രാധാന്യമുള്ള വാർത്തകൾ എല്ലാ ദിവസവും പോസ്റ്റ് ചെയ്യണം | എല്ലാ പ്രവൃത്തി ദിവസവും | ടീച്ചർ കുട്ടികൾ | |
| ജനാധിപത്യ മൂല്യങ്ങൾ വളർത്തിയെടുക്കൽ | ഇലക്ഷൻ നടത്തൽ, മോക് പാർലമെന്റ് [illegible] | ടേമിൽ ഒന്ന് | ടീച്ചർ കുട്ടികൾ പി ടി എ | |
| [illegible] പഠനയാത്രകൾ | ചരിത്രശേഷിപ്പുകൾ പ്രാദേശിക ചരിത്ര സ്ഥലങ്ങൾ സന്ദർശനം, അഭിമുഖം സംഘടിപ്പിക്കൽ | ടേമിൽ ഒന്ന് | ടീച്ചർ കുട്ടികൾ പി ടി എ | 6000/- |

| മേഖല: അക്കാദമികം- ലക്ഷ്യം | ഉപമേഖല: സാമൂഹ്യ ശാസ്ത്രം - പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പഠിതാക്കളെ ചരിത്രബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക | വിർച്ച്വൽ ഫീൽഡ് ട്രിപ്പ്, ഐ.സി.ടി സാധ്യതകൾ എന്നിവ ഉപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ, ചിത്രങ്ങൾ പ്രദർശിപ്പിക്കൽ, മ്യൂസിയം സന്ദർശനം. | ടേമിൽ ഒന്ന് | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | 2000 |
| കുട്ടികളിൽ ലഹരി വിരുദ്ധ മനോഭാവം വളർത്തിയെടുക്കൽ | പോസ്റ്റർ നിർമ്മാണം, ദൃശ്യങ്ങൾ, റാലി തുടങ്ങിയ പ്രവർത്തനങ്ങൾ | ജൂൺ- ആഗസ്റ്റ് | ടീച്ചർ കുട്ടികൾ | |
| സുസ്ഥിര വികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നു. | ഫീൽഡ് ട്രിപ്പ്, സർവ്വേകൾ കാവുകൾ, കുളങ്ങൾ, മറ്റു ജലാശയങ്ങൾ സന്ദർശിച്ച് റിപ്പോർട്ട് അവതരണം, കൊളാഷ് | അവധി ദിവസങ്ങളിൽ | ടീച്ചർ കുട്ടികൾ | 1000 |
| റോഡ് സുരക്ഷയെക്കുറിച്ച് അവബോധം ഉള്ളവരാക്കി മാറ്റുക | ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കൽ, റോഡ് നിയമങ്ങൾ പരിചയപ്പെടുത്തൽ | ടേമിൽ ഒന്ന് | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | 1000 |

## സോഷ്യൽ സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക | ഗ്രാമസഭ, വാർഡ് സഭ എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യ രീതിയുടെ അടിസ്ഥാന തലം മനസ്സിലാക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | 500 |
| വിവരവിനിമയ സാങ്കേതിക വിദ്യയുടെ ദുരുപയോഗത്തെ കുറിച്ചും, റോഡ് സുരക്ഷയെക്കുറിച്ചും വിദ്യാർത്ഥികളെ ബോധവാന്മാരാക്കുന്നു. | സാമൂഹ്യ, ശാസ്ത്ര ക്ലബ്ബിന്റെ നേതൃത്വത്തിൽ സൈബർ ഉദ്യോഗസ്ഥരുടേയും, ട്രാഫിക് പോലീസിന്റേയും സഹായത്തോടെ കുട്ടികൾക്കും, രക്ഷിതാക്കൾക്കും റോഡ് സുരക്ഷ, സൈബർ കുറ്റകൃത്യം എന്നി വിഷയങ്ങളിൽ ബോധവത്കരണ ക്ലാസ്സുകൾ നൽകുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യശാസ്ത്ര ക്ലബ് | 1000 |

| No. | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | ആരോഗ്യ - കായിക വിദ്യാഭ്യാസം | 1 സ്കൂളിലെ എല്ലാ കുട്ടികളേയും യോഗ പരിശീലനത്തിന് വിധേയമാക്കുന്നു. വജ്രാസനം, പവനമുക്താസനം, ത്രികോണാസനം | ജൂൺ - ഡിസംബർ | അധ്യാപകർ | 1000 |
| | | 2 സ്കൂളിലെ മുഴുവൻ കുട്ടികൾക്കും ഹൃദയ ശ്വസന ക്ഷമത വർധിപ്പിക്കുന്നതിനും, കായിക ക്ഷമത വർധിപ്പിക്കുന്നതിനും വേണ്ടി എയ്റോബിക്സ് , റൺ & റിലാക്സ് ഗെയിമുകളും നടത്തൽ. | സെപ്തംബർ - ജനുവരി | അധ്യാപകർ, & പി. ടി. എ. | 5000 |
| 2 | കലാ വിദ്യാഭ്യാസം | 1 കലാപരമായ കഴിവുകൾ വികസിപ്പിക്കുന്നതിനുവേണ്ടി വിദ്യാർത്ഥികൾക്കായി ഫേബ്രിക് പെയിന്റിംഗ്, പേപ്പർ ബാഗ് നിർമ്മാണം, ചന്ദനത്തിരി നിർമ്മാണം തുടങ്ങിയവയുടെ വർക്ക് ഷോപുകൾ സംഘടിപ്പിക്കൽ. | | | |

| No. | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| | കലാലയ വിദ്യാഭ്യാസം | 2. നമ്മുടെ സാംസ്കാരിക പൈതൃക മേഖലയായ നൃത്തം, അഭിനയം, സംഗീതം എന്നിവ പരിശീലിപ്പിക്കൽ | ജൂൺ - ഡിസംബർ | അധ്യാപകർ | 3000 |
| | തൊഴിൽ വിദ്യാഭ്യാസം | 1. ഉപയോഗശൂന്യമായ വസ്തുക്കൾ ഉപയോഗിച്ച് ഗ്രോബാഗ് നിർമ്മാണ പരിശീലനം | ജനുവരി - മാർച്ച് | അധ്യാപകർ, & പി. ടി. എ. | 2000 |
| | | 2. അളവുകളെ കുറിച്ചും, ഒരു നിർമ്മിതിക്കാവശ്യമായചെലവ് കണക്കാക്കാനുമുള്ള ശേഷി വികസിപ്പിക്കുന്നതിനായി പ്ലാനുകളെ കുറിച്ചും, ലേഔട്ടുകളെ കുറിച്ചുമുള്ള പരിശീലനം നൽകൽ. | | | |

| No. | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| | വിവര സാങ്കേതിക വിദ്യാഭ്യാസം | 1 വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട ആപ്ലിക്കേഷനുകൾ പരിചയപ്പെടുത്തൽ. | ജൂൺ - മാർച്ച് | അധ്യാപകർ | 2500 |
| | | 2 സർഗ്ഗാത്മകത വർധിപ്പിക്കുന്നതിനായി പോസ്റ്റർസ പെയിന്റിംഗ്, എനിമേഷൻ, ആശംസാ കാർഡുകൾ എന്നിവ വിവിധ ആപ്ലിക്കേഷനിലൂടെ പരിശീലിപ്പിക്കൽ. | | | |
| | | | | | |

# പദ്ധതി വിശദാംശങ്ങൾ

## അക്കാദമികം

### ഭാഷാശേഷിവികസനം

കുട്ടികളുടെ മാതൃഭാഷ നിലവാരം ഉയർത്തുന്നതിന് പാഠഭാഗങ്ങളുമായി ബന്ധപ്പെടുത്തിക്കൊണ്ടുള്ള അധിക വായനക്കുതകുന്ന പുസ്തകങ്ങൾ കണ്ടെത്തി വായിച്ച് കുറിപ്പുകൾ തയ്യാറാക്കുന്നു. അദ്ധ്യാപകർ തിരുത്തി കൂടുതൽ മെച്ചപ്പെടുത്തൽ നടത്തുന്നു. ലൈബ്രറി വിതരണം നടത്തി ആസ്വാദനക്കുറിപ്പ് തയ്യാറാക്കി അവ പരിശോധിച്ച് മികച്ചവ അസംബ്ലിയിൽ അവതരിപ്പിക്കുവാൻ അവസരം നൽകുന്നു. ചുമതല ഓരോ വിഷയത്തിന്റെയും അദ്ധ്യാപകർ.

സാമ്പത്തികം ഇല്ല.

### ഗണിതശേഷിവികസനം

**പേര് : ഗണിതം രസകരം**

കുട്ടികൾക്ക് ഗണിതം ആസ്വാദ്യകരമാക്കുന്നതിന് ഗണിത ചാർട്ടുകളും ഗണിത ഉപകരണങ്ങളും ഉപയോഗിക്കുന്നു. ഗണിത ക്ലബ്ബ് രൂപീകരിച്ച് ഓരോ പാഠഭാഗത്തോടും അനുബന്ധമായ ഉപകരണങ്ങൾ നിർമ്മിക്കുന്നു. നിർമ്മിച്ചവ പ്രദർശിപ്പിക്കുന്നു. കുസൃതികണക്കുകൾ ഗണിതക്ലബ്ബിന്റെ നോട്ടീസ് ബോർഡിൽ പതിക്കുകയും ഉത്തരം കണ്ടെത്തുകയും ചെയ്യുന്നു.

ചുമതല : ഗണിത അദ്ധ്യാപകർ

സാമ്പത്തികം : എസ്.എസ്.എ. ടീച്ചേഴ്സ് ഗ്രാന്റ്

## ഇംഗ്ലീഷ് പഠന പരിപോഷണം

കുട്ടികളിൽ ഇംഗ്ലീഷ് ഭാഷാ വായിക്കാനും, എഴുതാനും, സംസാരിക്കാനുമുള്ള ശേഷി വർദ്ധിപ്പിക്കുന്നതിന് ആഴ്ചയിൽ ഒരു ദിവസം ഇംഗ്ലീഷിലുള്ള അസംബ്ലി നടത്തുന്നു. ആ ദിവസത്തെ ഡയറിക്കുറിപ്പ് ഇംഗ്ലീഷിൽ തയ്യാറാക്കുന്നു. ക്ലാസ്സിൽ ഇംഗ്ലീഷ് പത്രം വായനക്ക് നൽകുന്നു. ഇംഗ്ലീഷ് മാഗസിൻ തയ്യാറാക്കുന്നു.

ചുമതല : ഇംഗ്ലീഷ് അദ്ധ്യാപിക

സാമ്പത്തികം : ഇല്ല

## ശാസ്ത്ര പോഷണ പരിപാടി

ശാസ്ത്ര കൗതുകം

5, 6, 7 ക്ലാസ്സുകളിലെ ഓരോ ശാസ്ത്ര പാഠത്തിലേയും പഠന പ്രവർത്തനങ്ങൾ സ്വയം ചെയ്തു നോക്കുന്നതിന് പ്രയോജനപ്പെടുത്തുന്നു. കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തുന്നതിന് ശാസ്ത്ര സാഹിത്യ പുസ്തകങ്ങൾ ലഭ്യമാക്കേണ്ടതുണ്ട്. ഓരോ ശാസ്ത്രജ്ഞന്മാർ അവരുടെ കണ്ടുപിടുത്തങ്ങൾ എന്നിവ കുട്ടികൾക്ക് പരിചയപ്പെടുത്തുന്നതിന് നല്ലൊരു സ്മാർട്ട് ക്ലാസ്റൂം അത്യാവശ്യമാണ്. ആഴ്ചയിൽ ഒരു ദിവസം അസംബ്ലിയിൽ പരീക്ഷണം അവതരിപ്പിക്കുന്നു

ചുമതല : ശാസ്ത്ര അദ്ധ്യാപിക

സാമ്പത്തികം : എം. പി. ഫണ്ട്

## വായന പരിപോഷണം

കുട്ടികളിൽ വായന പരിപോഷിപ്പിക്കുന്നതിന് അസംബ്ലിയിൽ വായന, പുസ്തക പരിചയം ലൈബ്രറി വിതരണം ചെയ്ത് ആസ്വാദനക്കുറിപ്പ്

തയ്യാറാക്കുന്നു. നല്ല ആസ്വാദനക്കുറിപ്പിന് ഓരോ ആഴ്ചയും സമ്മാനം നൽകി പ്രോത്സാഹിപ്പിക്കുന്നു.

ചുമതല : വിദ്യാരംഗം കൺവീനർ

സാമ്പത്തികം : അദ്ധ്യാപകർ

## ലൈബ്രറി നവീകരണം

5, 6, 7 ക്ലാസ്സുകളിലെ കുട്ടികൾക്ക് വായനക്ക് ആവശ്യമായ പുസ്തകങ്ങൾ സ്കൂളിൽ ലഭ്യമാണ്. അത് വേണ്ടവിധം സൂക്ഷിച്ചു വയ്ക്കുന്നതിനും, സ്വസ്ഥതയോടെ ഇരുന്ന് വായിക്കുന്നതിനും അലമാറികളും, റീഡിംഗ് റൂമും ആവശ്യമാണ്.

ചുമതല : അദ്ധ്യാപകർ

സാമ്പത്തികം : പൂർവ്വവിദ്യാർത്ഥികൾ, പൂർവ്വ അദ്ധ്യാപകർ

## പഠന യാത്രകൾ

പാഠ്യ വിഷയങ്ങളുമായി ബന്ധപ്പെട്ട് ചരിത്രപരമായി പ്രാധാന്യമുള്ള സ്ഥലങ്ങൾ, വ്യവസായശാലകൾ എന്നിവിടങ്ങളിലേയ്ക്ക് ക്ലാസ് അടിസ്ഥാനത്തിലുള്ള യാത്രകളും, ക്ലബ് പ്രവർത്തനങ്ങൾക്ക് പിന്തുണ നൽകുന്ന ക്ലബ്ബ് അംഗങ്ങളുടെ യാത്രകളും സ്കൂളിന് പൊതുവായുള്ള പഠനയാത്രയും സംഘടിപ്പിക്കുന്നതിലൂടെ കാര്യങ്ങളുടെ ദൃശ്യാനുഭവം കുട്ടികൾക്കുണ്ടാകുന്നത് കൂടുതൽ ഗുണപരമാകും. ബന്ധപ്പെട്ട അധ്യാപകർക്കായിരിക്കും ഈ യാത്രകളുടെ ചുമതല.

സാമ്പത്തികം : പി.ടി.എ., അദ്ധ്യാപകർ (യാത്രകൾക്കാവശ്യമായ വാഹന ചെലവ്)

## കലാകായിക പ്രവൃത്തിപരിചയം

കലാകായിക പ്രവൃത്തിപരിചയ പ്രവർത്തനങ്ങളിൽ തല്പരരായ വിദ്യാർത്ഥികൾക്ക് പ്രത്യേക പരിശീലനം നൽകി അവരെ നല്ല നിലവാരത്തിലെത്തിക്കുക. വിവിധ മേഖലകളിൽ താല്പര്യമുള്ള കുട്ടികളെ അധ്യയന വർഷത്തിന്റെ തുടക്കത്തിൽ തന്നെ കണ്ടെത്തി അവർക്ക് ഒഴിവുസമയങ്ങളിൽ പ്രത്യേക പരിശീലനം നൽകുന്നു. ഇതിനായി ഈ മേഖലകളിൽ പ്രവർത്തിക്കുന്ന വിദഗ്ദ്ധരായ പ്രദേശവാസികൾ, പൂർവ്വവിദ്യാർത്ഥികൾ, രക്ഷിതാക്കൾ എന്നിവരുടെ സേവനം പ്രയോജനപ്പെടുത്തുന്നു. ഓരോ മേഖലയുടെയും മുഖ്യചുമതല ഓരോ അധ്യാപകർ ഏറ്റെടുത്തുന്നതുമൂലം പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാകുന്നു.

സാമ്പത്തികം - പി.ടി.എ. അധ്യാപകർ (ആവശ്യമായ ഉപകരണങ്ങളും അസംസ്കൃത വസ്തുക്കളും വാങ്ങുന്നതിനുള്ള സംഖ്യ)

## സ്കൂൾ പത്രം / മാസിക

വിവിധ മേഖലകളിൽ വിദ്യാലയത്തിൽ നടത്തിയ പ്രവർത്തനങ്ങളും. വിദ്യാർത്ഥികൾക്കുണ്ടായ നേട്ടങ്ങളും സമൂഹത്തെ അറിയിക്കുന്നതിനും വിദ്യാർത്ഥികളുടെ രചനാപരമായ കഴിവുകൾ പരിപോഷിപ്പിക്കുന്നതിനും ഇതുകൊണ്ട് സാധിക്കുന്നു. ക്ലാസ് അടിസ്ഥാനത്തിൽ ഓരോ മാസവും കയ്യെഴുത്ത് പത്രം / മാസിക തയ്യാറാക്കുകയും സ്കൂൾ അസംബ്ലിയിൽ പ്രകാശനം ചെയ്യുന്നതുമാണ് ആദ്യഘട്ടം. അധ്യയന വർഷത്തിന്റെ പകുതിയിലും അവസാനത്തിലും ഈ പത്രങ്ങളിൽനിന്ന് തെരഞ്ഞെടുക്കുന്ന മികച്ച രചനകളും സ്കൂളിൽ നടന്ന പൊതുപ്രവർത്തനങ്ങളും കുട്ടികളുടെയും സ്കൂളിന്റെയും നേട്ടങ്ങളും ഉൾക്കൊള്ളുന്ന വാർത്തകൾ, ഫോട്ടോകൾ എന്നിവയടങ്ങുന്ന അച്ചടിച്ച പത്രവും തയ്യാറാക്കുക എന്ന പ്രവർത്തനമാണ് ഉദ്ദേശിക്കുന്നത്. അധ്യാപകർ, പി.ടി.എ. അംഗങ്ങൾ എന്നിവരടങ്ങുന്ന സമിതി ഇതിന്റെ ചുമതലക്കാരായിരിക്കും.

സാമ്പത്തികം : സ്പോൺസർമാരെ കണ്ടെത്തി പത്രം അച്ചടിക്കുന്നതിനുള്ള സംഖ്യ സമാഹരിക്കുന്നു.

## പച്ചക്കറിത്തോട്ടം പോഷകാഹാരം

ഉച്ചഭക്ഷണ പരിപാടിയിൽ പോഷകസമൃദ്ധവുംവിഷമില്ലാത്തതമായ ഭക്ഷണം ഒരുക്കുക എന്ന ലക്ഷ്യത്തോടെ പച്ചക്കറി കൃഷി വിപുലീകരിക്കുന്ന പ്രവർത്തനമാണിത്. സ്കൂൾ പരിസരത്ത്അടുക്കളയോട് ചേർന്ന് അടുക്കളത്തോട്ടം നിർമ്മിക്കുന്നു. ഉച്ച ഭക്ഷണത്തിനായി അവ ഉപയോഗിക്കുന്നു. കൂടാതെ പ്രാദേശികമായി ലഭിക്കുന്ന വിവിധതരം ഇലകളുംസ മറ്റും കുട്ടികളുടെ ഭക്ഷണത്തിൽ ഉൾപ്പെടുത്തി പോഷക സമൃദ്ധമായ ഭക്ഷണം വിതരണം ചെയ്യുവാൻ ശ്രദ്ധിക്കേണ്ടതുണ്ട്. കുട്ടികളിൽ കാർഷിക പ്രവർത്തനങ്ങളിൽ താല്പര്യമുണ്ടാക്കുക, അധ്വാനശീലം വളർത്തുക എന്നീ ലക്ഷ്യങ്ങളും ഈ പരിപാടിക്ക് പിന്നിലുണ്ട്. കൃഷിഭവൻ, പ്രദേശത്തെ കർഷകർ, ക്ലബ്ബുകൾ എന്നിവർ ആവശ്യമായ നിർദ്ദേശങ്ങളും വിത്തുകളും നൽകി സഹായിക്കുന്നുണ്ട്.

സാമ്പത്തികം - കൃഷിഭവൻ വഴി വിത്തുകളും വളങ്ങളും ലഭിക്കുന്നു. പ്രാദേശികമായി ജൈവവളം സംഘടിപ്പിക്കുന്നു. ഭാരിച്ച സാമ്പത്തിക ചെലവ് ഇല്ല.

## ഭൗതികം

### ചുറ്റുമതിൽ

സ്കൂൾ ചുറ്റുമതിൽ നീളം കൂട്ടുകയും ചിത്രങ്ങളും, മഹത് വചനങ്ങളും കൊണ്ട് ആകർഷകമാക്കുകയും ചെയ്യുന്നത് സ്കൂളിന് പുതിയ മുഖം നൽകും. ഏറെ സാമ്പത്തിക ചിലവ് വരുന്ന കാര്യമാകയാൽ മാനേജ്മെന്റ്, പൂർവ്വ വിദ്യാർത്ഥി സംഘടന എന്നിവരുടെ ഇടപെടലുകൾ ഇക്കാര്യത്തിൽ ആവശ്യമാണ്.

## അടുക്കള നവീകരണം / ഡൈനിങ് ഹാൾ

നിലവിലുള്ള അടുക്കള കാലാനുസൃതമായി ടൈൽസ് പാകിയും കൂടുതൽ ആധുനിക ശുചിത്വ സംവിധാനങ്ങളോടെയും നവീകരിക്കുകയും അതിനോട് ചേർന്ന് കുട്ടികൾക്ക് ഭക്ഷണം കഴിക്കുവാൻ ഇരിപ്പിടങ്ങളോടുകൂടിയ ഡൈനിങ്ങ് ഹാൾ സജ്ജീകരിക്കുകയും ചെയ്യുക.

സാമ്പത്തികം : പ്രാദേശികഭരണ സമിതികൾ, സഹകരണസ്ഥാപനങ്ങൾ എന്നിവയിൽ നിന്നുള്ള പ്രതീക്ഷിതധനസഹായം.

## അസംബ്ലി ഹാൾ

സ്കൂൾ മുറ്റത്തുള്ള സ്റ്റേജും അതിനോടുചേർന്ന കുറച്ചു ഭാഗവും ചേർന്ന് മേൽക്കൂരയുണ്ടാക്കി സ്കൂൾ അസംബ്ലിയും ദിനാചരണങ്ങളും മഴക്കാലത്തും ഭംഗിയായി നടത്തുന്നതിന് സാധിക്കുന്നു.

സാമ്പത്തികം : പൂർവ്വവിദ്യാർത്ഥികൾ, പൂർവ്വ അധ്യാപകർ തുടങ്ങിയവരുടെ ധനസഹായം.

## ലബോറട്ടറി

പ്രത്യേക മുറിയും കൂടുതൽ സജ്ജീകരണങ്ങളുമുള്ള പരീക്ഷണശാല ശാസ്ത്ര വിഷയങ്ങളുടെ പഠനം കൂടുതൽ ലളിതവും ആസ്വാദ്യകരവുമാക്കും. ഈ മുറിയിൽ കുട്ടികൾക്ക് പരീക്ഷണങ്ങൾ ചെയ്തുനോക്കുന്നതിനുള്ള മേശകളും ഇരിപ്പിടങ്ങളും സജ്ജീകരിക്കുക, ഭിത്തിയിൽ ശാസ്ത്ര വിഷയങ്ങളുമായി ബന്ധപ്പെട്ട ചാർട്ടുകൾ, ശാസ്ത്രജ്ഞരുടെ ചിത്രങ്ങൾ എന്നിവകൊണ്ട് ആകർഷകമാക്കുക എന്നീ പ്രവർത്തനങ്ങൾ.

സാമ്പത്തികം : എസ്.എസ്.എ. പോലെയുള്ള സർക്കാർ ഏജൻസികൾ, പ്രാദേശികഭരണകൂടങ്ങൾ എന്നിവയിൽനിന്നും പ്രതീക്ഷിക്കുന്ന ഫണ്ടുകൾ.

### കമ്പ്യൂട്ടർ പഠനം

നിലവിലുള്ള കമ്പ്യൂട്ടർ മുറിയിൽ കൂടുതൽ കമ്പ്യൂട്ടറുകളും എൽ.സി ഡി. പ്രോജക്ടർ സംവിധാനവും സജ്ജീകരിക്കുക. രണ്ട് കുട്ടികൾക്ക് ഒരു കമ്പ്യൂട്ടർ എന്ന തോതിലെങ്കിലും കുട്ടികൾക്ക് സ്വയം കമ്പ്യൂട്ടർ ഉപയോഗിക്കാൻ സാധിക്കുന്നത് കുട്ടികളിൽ പുതിയ ഉണർവുണ്ടാക്കും. കൂടാതെ പാഠഭാഗങ്ങളെ കൂടുതൽ വ്യക്തതയോടെ ദൃശ്യാനുഭവങ്ങളാക്കി മാറ്റാൻ കഴിയുന്ന സി.ഡി.കളും അവ പ്രദർശിപ്പിക്കാനുള്ള പ്രോജക്ടർ സംവിധാനവും അത്യാവശ്യമാണ്.

സാമ്പത്തികം : എം.എൽ.എ., എം.പി. ഫണ്ടുകൾ, പൂർവ്വവിദ്യാർത്ഥികൾ / അധ്യാപകർ എന്നിവരിൽ നിന്നുള്ള ധനസഹായം.

## സാമൂഹികം

### പി.ടി.എ. ശക്തിപ്പെടുത്തൽ

ഒരു വിദ്യാലയം മികച്ചതാകണമെങ്കിൽ രക്ഷിതാക്കളുടെ ഇടപെടൽ അനിവാര്യമാണ്. രക്ഷിതാക്കൾ, പൂർവ്വ വിദ്യാർത്ഥികൾ, ക്ലബ്ബുകൾ. സംഘടനകൾ എന്നിവരുടെ സഹകരണത്തോടെ കോർണർ പി.ടി.എ. വിവിധ സ്ഥലങ്ങളിൽ സംഘടിപ്പിക്കുന്നു. നാട്ടുകാരുടെയും കുട്ടികളുടെയും വിവിധ കലാപരിപാടികൾ മികവുകൾ എന്നിവ പ്രദർശിപ്പിക്കുന്നു.

ചുമതല : അധ്യാപകർ, പി.ടി.എ. അംഗങ്ങൾ

സാമ്പത്തികം : അധ്യാപകർ

ഉപമേഖല : പൂർവ്വവിദ്യാർത്ഥി സംഘടനയുടെ പ്രവർത്തനം

പൂർവ്വ വിദ്യാർത്ഥി സംഘടന രൂപീകരിച്ചിട്ടുണ്ടെങ്കിലും പ്രവർത്തനം മന്ദഗതിയിലാണ് കൂടുതൽ ഊർജ്ജസ്വലമാക്കാൻ പൂർവ്വവിദ്യാർത്ഥികളെ

പങ്കെടുപ്പിച്ചുകൊണ്ട് ക്യാമ്പ് നടത്തുന്നു. ഇതിലൂടെ ഉന്നതനിലയിലെത്തിയവരുടെ സേവനം പ്രയോജനപ്പെടുത്തുന്നു.

ചുമതല : പൂർവ്വവിദ്യാർത്ഥി സംഘടന

സാമ്പത്തികം : പൂർവ്വവിദ്യാർത്ഥികൾ

**ഗ്രന്ഥശാലകൾ, ക്ലബ്ബുകൾ, പൂർവ്വവിദ്യാർത്ഥികൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവയുടെ സേവനം പ്രയോജനപ്പെടുത്തുന്നു.**

ഗ്രന്ഥശാലകൾ സന്ദർശിച്ച് കുട്ടികളിലെ വായന പരിപോഷിപ്പിക്കൽ, വായന മത്സരം നടത്തൽ, ക്ലബ്ബുകളുടെ സഹകരണത്തോടെ പച്ചക്കറിത്തോട്ടം, ജൈവവൈവിധ്യപാർക്ക് എന്നിവയുടെ നിർമ്മാണം, സഹകരണ സ്ഥാപനങ്ങളുടെ സഹായത്തോടെ മികച്ച വിദ്യാർത്ഥികൾക്ക് സമ്മാനവിതരണം, നിർദ്ദനരായ വിദ്യാർത്ഥികൾക്ക് ധനസഹായം, നോട്ടുബുക്ക് വിതരണം വിവിധ മേഖലകളിലുള്ള പ്രഗത്ഭരായ പൂർവ്വവിദ്യാർത്ഥികളുമായി അഭിമുഖം.

ചുമതല : അധ്യാപകർ

**വിദ്യാലയ മികവുകൾ പൊതുസമൂഹവുമായി പങ്കിടൽ**

വിദ്യാലയ പ്രവർത്തനവുമായി ബന്ധപ്പെട്ട് വിദ്യാർത്ഥികൾ വിവിധതലങ്ങളിൽ നടത്തിയ പ്രകടനങ്ങൾ, നിർമ്മിച്ച ഉല്പന്നങ്ങൾ, തുടങ്ങിയവ സമൂഹത്തെ അറിയിക്കുന്നതിനായി സ്കൂൾപത്രം / മാസിക തയ്യാറാക്കുന്നു. കൂടാതെ വിദ്യാലയവാർഷികത്തോടനുബന്ധിച്ച് പ്രതിഭാസംഗമം എന്ന പേരിൽ മികവു തെളിയിച്ച വിദ്യാർത്ഥികളെ ആദരിക്കുകയും ഉല്പന്നങ്ങളുടെ പ്രദർശനം ഒരുക്കി രക്ഷിതാക്കൾക്കും പൊതുജനങ്ങൾക്കും ഇവ കാണുവാനുള്ള അവസരം ഒരുക്കുകയും ചെയ്യുന്നു.

വിദ്യാലയവിഭവങ്ങൾ സമൂഹത്തിനുവേണ്ടി കൂടി പ്രയോജനപ്പെടുത്തുന്നത്.

വിവിധ തൊഴിൽ പരിചയ പ്രവർത്തനങ്ങൾ വഴി കുട്ടികൾ ഉണ്ടാക്കിയ ഉല്പന്നങ്ങൾ (ഉദാ - കാർഷിക വിഭവങ്ങൾ, പ്രവൃത്തിപരിചയ പരിശീലനത്തിലെ ഉല്പന്നങ്ങൾ മുതലായവ) പ്രദർശിപ്പിക്കുന്നതോടൊപ്പം പൊതുജനങ്ങൾക്ക് ചെറിയ നിരക്കിൽ അവ വാങ്ങുന്നതിനുള്ള സൗകര്യവും ഏർപ്പെടുത്തും. ഇതിൽ നിന്നും ലഭിക്കുന്ന ചെറിയ തോതിലുള്ള ലാഭസംഖ്യ ക്ഷേമപ്രവർത്തനഫണ്ടിലേക്ക് മുതൽകൂട്ടുന്നതിനും സാധിക്കും.

ചുമതല : പി.ടി.എ. ഭാരവാഹികൾ, അധ്യാപകർ

സാമ്പത്തികം : ഇല്ല

## പ്രതീക്ഷിത നേട്ടങ്ങൾ

മികച്ച ഭാഷാശൈലി, ഇംഗ്ലീഷ് പരിജ്ഞാനം, ഗണിതാഭിമുഖ്യം, ശാസ്ത്ര വിഷയങ്ങളോടുള്ള അഭിരുചി എന്നിവ വളർത്തിയെടുക്കാൻ സാധിക്കും. നല്ല നിലവാരമുള്ള ഉത്തമ പൗരന്മാരെ സൃഷ്ടിക്കാൻ സാധിക്കും. ഓരോ പ്രവർത്തനങ്ങളിലും പൊതുജന പങ്കാളിത്തം ഉറപ്പാക്കുക വഴി വിദ്യാലയങ്ങൾ നാടിന്റെ പൊതുസ്വത്താണെന്ന ബോധ്യം ജനങ്ങളിൽ സൃഷ്ടിക്കുവാൻ സാധിക്കും. ഇപ്രകാരം വിദ്യാലയത്തെ ഉയർച്ചയിലേക്ക് എത്തിക്കാൻ സാധിക്കും.

## മോണിറ്ററിംഗ്

ഓരോ മേഖലയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ അതാത് ഉന്നതാധികാരികൾ ഓരോ ഘട്ടത്തിലും പരിശോധിച്ച് വേണ്ട നിർദ്ദേശങ്ങളും കൂട്ടിച്ചേർക്കലുകളും നടത്തുന്നു.

# ഉപസംഹാരം

കേരളത്തിലെ മുഴുവൻ പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങളും ശക്തിപ്പെടുത്തുകയും മുഴുവൻ കുട്ടികൾക്കും പൊതുവിദ്യാഭ്യാസ സംവിധാനത്തിന്റെ പ്രയോജനം ലഭിക്കുക എന്ന ഉദ്ദേശത്തോടെയും സർക്കാർ ആരംഭിച്ച പരിപാടിയാണ് പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം. ഈ പരിപാടിയുടെ ഭാഗമായി നമ്മുടെ പൊതുവിദ്യാലയങ്ങൾ നിലവിലെ അവസ്ഥയിൽ നിന്നും കൂടുതൽ ഉയരേണ്ടതുണ്ട്. ഭൗതികമായും അക്കാദമികമായും സാമൂഹ്യമായും ഈ മാറ്റങ്ങൾ ഉണ്ടാകേണ്ടതുണ്ട്. ഈ ലക്ഷ്യത്തിലേക്കുള്ള പ്രയാണത്തിൽ ഈ സ്കൂളും പങ്കുചേരുകയാണ്. കൂടുതൽ മികച്ച പ്രവർത്തനങ്ങളിലേക്കുള്ള ഞങ്ങളുടെ ആദ്യ ചുവടുവെപ്പാണ് ഈ പദ്ധതിരേഖ. ഇതിന്റെ ലക്ഷ്യപ്രാപ്തിക്കും ഇനിയും മികച്ച പുതിയ പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിനുമായി നമുക്ക് ഒരുമിച്ച് കൈകോർക്കാം.